21041
26/12/16

GOVERNMENT OF KERALA

Abstract

Water Resources Department – Establishment – Regularisation of Smt.I.L.Elsy, SLR Worker of Irrigation Department as Worker Grade II - Orders issued.

## WATER RESOURCES (A) DEPARTMENT

G.O.(Ms)No.74/2016/WRD Dated, Thiruvananthapuram, 22/12/2016.

Read:-Letter No.C4-35606/2014 dated 25/06/2015 and 16/02/2016 of the Chief Engineer(I&A), Thiruvananthapuram.

**ORDER**

The Chief Engineer(I&A) as per letter read above has informed that Smt.I.L.Elsy, who is working in Irrigation Department as SLR Worker at Kodakara Section under MI Sub Division, Chalakudy has submitted a petition informing that she has not been regularised as Worker Grade II even though she has satisfied all the conditions specified as per G.O(Ms)No.45/2014/WRD dated 09/06/2014. The Chief Engineer further informed that on verification of her Service Book and other documents it was found that she has been working as SLR Worker since 29/11/1999 and she satisfies all the conditions fixed by Government for regularisation of SLR workers and has requested Government to take appropriate decision at Government level for the regularisation of Smt.I.L.Elsy, SLR worker as Worker Grade II.

2)The Chief Engineer informed that in the list of regularisation of SLR Workers as Worker Grade II received from the Sub Offices, the date of birth of Smt.I.L.Elsy was wrongly stated as 31/07/1954 and as such she was treated to have completed 56 years of age as on 01/01/2011 and so her name was then not included in the list of eligible persons. But on verification of her Service Book and other documents, it was found that her date of birth is 31/07/1959 and so she satisfies all the conditions for being regularised as Worker Grade II. Smt.I.L.Elsy has completed 56 years of age as on 31/07/2015, her date of birth being 31/07/1959. However she will continue in service as SLR Worker till 31/07/2017. (The retirement age of SLR Worker is 58).

3)Government have examined the matter in detail. Smt.I.L.Elsy, SLR Worker satisfies all the conditions mentioned in the G.O(Ms)No.45/2014/WRD dated 09/06/2014 by which the SLR Workers in Irrigation Department were regularised as Worker Grade II. Hence she is found eligible to be regularised as Worker Grade II notionally with effect from 01/01/2011 subject to the conditions specified in G.O(Ms)No.45/14/WRD.

4) In the above circumstances Government are pleased to order that Smt.I.L.Elsy, SLR Worker is regularised as Worker Grade II notionally with effect from 01/01/2011, subject to the conditions specified in G.O(Ms)No.45/14/WRD dated 09/06/2014.

(BY ORDER OF THE GOVERNOR)

**TINKU BISWAL**

**Secretary to Government**

To

The Chief Engineer (I&A),Thiruvananthapuram(with Service Book)
The person concerned (through Chief Engineer(I&A)Thiruvananthapuram)
The Principal Accountant General (Audit) Kerala,Thiruvananthapuram .
The Accountant General(A&E),Kerala,Thiruvananthapuram/Thrissur.
The General Administration(SC) Department ( ).
The Law Department(Vide U.O(R) No.19988/Opinion F3/2016/Law dated 05/10/2016)
The Finance Department (Vide U.O(R) No.273188/Ind. & PWB3/2016/Fin. Dated 16/11/2016).
The Information Officer, Web & New Media, I&PRD(With copy of Cabinet Note for publishing in the Web Site).
Stock File/O.C.

Forwarded/ By Order

Section Officer.

63

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 20-12-2016.

ഫയൽ നം.14551/എ2/2015/ജ.വി.വ. ഇനം നം: 561

വിഷയം : ജലവിഭവ വകുപ്പ് - ജലസേചന വകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാരിയായ ശ്രീമതി ഐ.എൽ. എൽസിയെ നോഷണലായി വർക്കർ ഗ്രേഡ് II തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

21/12/2016

21/12

## കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 14551/എ 2/2015/ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (എ) വകുപ്പ് |
| 3. | വിഷയം | : | ജലസേചന വകുപ്പിലെ എസ്.എൽ.ആർ ജീവനക്കാരിയായ ശ്രീമതി.ഐ.എൽ.എൽസിയെ നോഷണലായി വർക്കർ ഗ്രേഡ് II തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05.12.2016 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ, ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് (നിയമ വകുപ്പ്) |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സീനത്തു ബീവി.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.വി.ജെ.കുര്യൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.12.2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.എസ്.എം.വിജയാനന്ദ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.12.2016 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.മാത്യു.ടി.തോമസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16.12.2016 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19 .12.2016 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# <u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

ജലസേചന വകുപ്പിലെ എസ്.എൽ.ആർ ജീവനക്കാരിയായ ശ്രീമതി.ഐ.എൽ.എൽസിയെ നോഷണലായി വർക്കർ ഗ്രേഡ് II ആയി സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) ജലസേചന വകുപ്പിൽ ചാലക്കുടി മൈനർ ഇറിഗേഷൻ സബ് ഡിവിഷനു കീഴിലുള്ള കൊടകര സെക്ഷനിൽ എസ്.എൽ.ആർ വർക്കർ ആയി ജോലി ചെയ്യുന്ന ശ്രീമതി.ഐ.എൽ.എൽസിയെ, 09.06.14-ലെ സ.ഉ(എം.എസ്) നം.45/2014/ജ.വി.വ ഉത്തരവ് പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടും വർക്കർ ഗ്രേഡ് II ആയി സ്ഥിരപ്പെടുത്തിയിട്ടില്ല എന്ന് ടിയാൾ പരാതി നൽകിയിരിക്കുകയാണെന്ന് ചീഫ് എഞ്ചിനീയർ (ഐ&എ) അറിയിച്ചു. ടിയാളുടെ സേവന പുസ്തകവും രേഖകളും പരിശോധിച്ചതിൽ നിന്നും ടിയാൾ 29.11.1999 മുതൽ എസ്.എൽ.ആർ വർക്കർ ആയി ജോലി ചെയ്യുന്നുവെന്നും, എസ്.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്തതിനു വേണ്ടി സർക്കാർ നിശ്ചയിച്ച എല്ലാ മാനദണ്ഡങ്ങളും ടിയാൾ പാലിക്കുന്നുണ്ടെന്നും ആയതിനാൽ ശ്രീമതി.ഐ.എൽ.എൽസി, എസ്.എൽ.ആർ വർക്കറെ വർക്കർ ഗ്രേഡ് II തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളണമെന്നും ചീഫ് എഞ്ചിനീയർ (ഐ&എ) അപേക്ഷിച്ചു.

3) എസ്.എൽ.ആർ വർക്കർമാരെ വർക്കർ ഗ്രേഡ് -2 തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി കീഴ്കാര്യലയങ്ങളിൽ നിന്നും ലഭിച്ച ലിസ്റ്റിൽ ശ്രീമതി.ഐ.എൽ.എൽസിയുടെ ജനനതീയതി 31.07.1954 എന്ന്

തെറ്റായാണ് രേഖപ്പെടുത്തിയിരുന്നതെന്നും അതുകൊണ്ട് 01.01.2011-ൽ ടിയാൾക്ക് 56 വയസ്സ് പൂർത്തിയായതായി കണക്കാക്കിയതിനാലാണ് ടിയാളെ അന്ന് അർഹരുടെ ലിസ്റ്റിൽ ഉൾപ്പെടുത്താതെ പോയത് എന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു. എന്നാൽ സർവ്വീസ് പുസ്തകവും രേഖകളും പരിശോധിച്ചതിൽ ടിയാളുടെ ജനനതീയതി 31.07.1959 ആണെന്ന് കണ്ടു എന്നും എസ്.എൽ.ആർ. ജീവനക്കാരെ വർക്കർ ഗ്രേഡ് II ആയി സ്ഥിരപ്പെടുത്തുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളും ടിയാൾ പാലിക്കുന്നുണ്ടെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു. ശ്രീമതി.ഐ.എൽ.എൽസിയുടെ ജനന തീയതി 31.07.1959 ആയതിനാൽ 31.07.2015-ൽ ടിയാൾക്ക് 56 വയസ് പൂർത്തിയായിട്ടുണ്ട്. എന്നാൽ ടിയാൾ എസ്.എൽ.ആർ വർക്കറായതിനാൽ 31.07.2017 വരെ സർവ്വീസിൽ തുടരുന്നതാണ് (എസ്.എൽ.ആർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസാണ്.)

4) മേൽ സാഹചര്യത്തിൽ ജലസേചന വകുപ്പിലെ എസ്.എൽ.ആർ.ജീവനക്കാരെ വർക്കർ ഗ്രേഡ് II ആയി സ്ഥിരപ്പെടുത്തിയ 09.06.2014-ലെ സ.ഉ(എം.എസ്) നം.45/2014/ജ.വി.വ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും ശ്രീമതി.ഐ.എൽ.എൽസി, എസ്.എൽ.ആർ.വർക്കർ പാലിച്ചിട്ടുള്ളതിനാൽ, ടിയാളെ 01.01.2011 തീയതി പ്രാബല്യത്തിൽ നോഷണലായി വർക്കർ ഗ്രേഡ് II ആയി, സ.ഉ(എം.എസ്)നം.45/2014/ജ.വി.വ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി സ്ഥിരപ്പെടുത്താമോ എന്ന കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അറിയിച്ചു:-

"ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നോട്ട് നം.2661/എക്സ്പെ.എ 1/15/ധന ലേയ്ക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട്, ആയതിലെ സുപ്രീം കോടതി വിധിയുടെയും നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി.എൽസിയുടെ കേസ്സ് പരിശോധിക്കുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു."

5) ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കുറിപ്പിൽ ബഹു.സുപ്രീം കോടതിയുടെ ഉമാദേവി കേസിലെ വിധിയുടെ അടിസ്ഥാനത്തിലുള്ള നിയമവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കുകയും താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് പ്രസ്തുത വിധിയുടെ ലംഘനമാകുമെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. സർക്കാർ നിശ്ചയിച്ച ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ജലസേചന വകുപ്പിലെ SLR വർക്കർമാരെ വർക്കർ ഗ്രേഡ് II തസ്തികയിൽ സ്ഥിരപ്പെടുത്തിയത് . വർക്കർ ഗ്രേഡ് II തസ്തികയിൽ പബ്ലിക് എംപ്ലോയ്മെന്റ് സിസ്റ്റം വഴിയല്ല നിയമനം നടത്തുന്നത്. ആയതിനാൽ ഇത് Umadevi Vs State of Karnataka കേസിലെ ബഹു.സുപ്രീം കോടതിയുടെ വിധിയുടെ ലംഘനമാകുമോ എന്ന കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അറിയിച്ചു:-

"SLR ജീവനക്കാരെ ഗ്രേഡ് വർക്കർ II ആയി സ്ഥിരപ്പെടുത്തുന്നതിനായി നേരത്തേ തയ്യാറാക്കിയ ലിസ്റ്റിൽ ശ്രീമതി.എൽസിയുടെ ജനനതീയതി തെറ്റായി കാണിച്ചത് മൂലമുണ്ടായ പിഴവിലാണ് ടിയാളുടെ നിയമനം സ്ഥിരപ്പെടുത്താതെ പോയതെന്ന് ഭരണവകുപ്പിന്റെ ഫയലിൽ നിന്നും

മനസിലാവുന്നു. SLR ജീവനക്കാരെ വർക്കർ ഗ്രേഡ് II തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾസ് നിലവിലില്ല എന്നും സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വർക്കർ ഗ്രേഡ് II നിയമനം നടത്തുന്നത് എന്നും ടിയാൾ പ്രസ്തുത മാനദണ്ഡങ്ങളനുസരിച്ച് സ്ഥിരം നിയമനത്തിന് യോഗ്യതയുള്ള ആളാണെന്നും ഭരണവകുപ്പ് വ്യക്തമാക്കുന്നു. നിലവിൽ വർക്കർ ഗ്രേഡ് II തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നതിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം അർഹയായ SLR ജീവനക്കാരിയാണ് ശ്രീമതി.എൽസി എന്ന് ഭരണവകുപ്പിന് ബോധ്യപ്പെടുന്ന പക്ഷം ടിയാളെ വർക്കർ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥിരനിയമനം നടത്തുന്നതിന് ഉമാദേവി കേസിലെ വിധി ന്യായപ്രകാരം നിയമ തടസ്സമില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

6) നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഐ.എൽ.എൽസിയെ സ്ഥിരപ്പെടുത്തതിന്മേൽ അനുമതിക്കായി ഫയൽ വീണ്ടും ധനകാര്യവകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അറിയിച്ചു:-

"ശ്രീമതി.ഐ.എൽ.എൽസിയെ 01.01.2011 തീയതി പ്രാബല്യത്തിൽ നോഷണലായി വർക്കർ ഗ്രേഡ് - II ആയി 09.06.2014-ലെ സ.ഉ.(എം.എസ്)നം.45/2014/ജ.വി.വ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി സ്ഥിരപ്പെടുത്തുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നു."

7) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം

ചെയ്യപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

ജലസേചന വകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാരെ വർക്കർ ഗ്രേഡ് II ആയി സ്ഥിരപ്പെടുത്തിയ 09.06.2014-ലെ സ.ഉ(എം.എസ്) നം.45/2014/ജ.വി.വ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും ശ്രീമതി.ഐ.എൽ.എൽസി, എസ്.എൽ.ആർ.വർക്കർ പാലിച്ചിട്ടുള്ളതിനാൽ, ടിയാളെ 01.01.2011 തീയതി പ്രാബല്യത്തിൽ നോഷണലായി വർക്കർ ഗ്രേഡ് II ആയി, സ.ഉ(എം.എസ്)നം.45/2014/ജ.വി.വ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി സ്ഥിരപ്പെടുത്താമോ?